⇨ *ഈ ഭരണത്തിലൂടെ മലയാളി സമൂഹത്തിന് ഉണ്ടായ നേട്ടം എന്താണെന്നു ചോദിക്കേണ്ട ഘട്ടമാണിത്* ⇨

# തെരഞ്ഞെടുപ്പിൽ ചർച്ചയാകേണ്ട രാഷ്ട്രീയ നവീകരണങ്ങൾ

നമ്മുടെ ഭരണ സംവിധാനത്തെ പരിഷ്കരിക്കാൻ കഴിയുന്നതരത്തിലുള്ള ഒരു ജനാധിപത്യ പ്രസ്ഥാനം മുന്നണികൾക്ക് പുറത്ത് രൂപപ്പെടേണ്ടതുണ്ട്. ഈ ജീർണ്ണ രാഷ്ട്രീയത്തെ അടിയന്തിരമായി അവസാനിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ മലയാളി സമൂഹം വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്കാവും പോകുക എന്ന കാര്യത്തിൽ തർക്കമില്ല.

**സണ്ണി എം. കപിക്കാട്**

**കേരളത്തിൽ** നടക്കാനിരിക്കുന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ പ്രചാരണ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ ഏറ്റവും പ്രധാനമായി എനിക്ക് തോന്നുന്ന കാര്യം ഗൗരവമുള്ള ഒരു രാഷ്ട്രീയ പ്രശ്നവും പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികൾ ചർച്ച ചെയ്യുന്നില്ല എന്നതാണ്. പരസ്പരം അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നതിന് അപ്പുറത്തേക്ക് കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളോ, കേരളത്തിലെ വികസനത്തിന്റെ സംഗതികളോ, വികസനമുണ്ടാക്കിയ ദുരന്തങ്ങളെ സംബന്ധിച്ചോ, നയപരമായി പുതിയ തീരുമാനങ്ങൾ എടുക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചോ ഗൗരവമായ ഒരു ചർച്ചയും മുന്നണികൾ നടത്തുന്നില്ല എന്നതാണ് കേരളം നേരിടുന്ന അതീവ ഗുരുതരമായ പ്രശ്നം. ജനാധിപത്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട സന്ദർഭമാണ് തെരഞ്ഞെടുപ്പ്. തെരഞ്ഞെടുപ്പ് ഘട്ടത്തിലാണ് ഈ നയപരമായ കാര്യങ്ങൾ വിശാലമായ അർത്ഥത്തിൽ ചർച്ച ചെയ്യേണ്ടത്. എന്നാൽ നമ്മുടെ രാഷ്ട്രീയ പാർട്ടികൾ, മുന്നണികൾ വളരെ മനഃപൂർവം ഇത്തരം ചർച്ചകളിൽ നിന്നും മാറി നിൽക്കുകയും പരസ്പരം ആരോപണങ്ങൾ ഉന്നയിച്ചും ഒട്ടും പ്രാധാന്യമില്ലാത്ത കാര്യങ്ങൾ ചർച്ച ചെയ്തും തുടരുകയാണ്. ഇവിടെ മലയാളി സമൂഹം ഒരു കാര്യം ആലോചിക്കേണ്ടതുണ്ട്. കഴിഞ്ഞ 50 വർഷമായി കേരളം ഭരിച്ചത് രണ്ടു മുന്നണികളാണ്. ഐക്യജനാധിപത്യ മുന്നണിയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും. ഈ മുന്നണികൾ മാറി മാറിയാണ് 50 വർഷം ഭരിച്ചത്. ഈ ഭരണത്തിലൂടെ മലയാളി സമൂഹത്തിന് ഉണ്ടായ നേട്ടം എന്താണെന്നു ചോദിക്കേണ്ട ഘട്ടമാണിത്. ആ ചോദ്യം ഉന്നയിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നത് 50 വർഷത്തെ മുന്നണി ഭരണംകൊണ്ട് കേരളത്തിന് കാര്യമായ നേട്ടം ഉണ്ടായിട്ടില്ല എന്ന് മാത്രമല്ല കേരളം വളരെ ഭാരിച്ച കടക്കെണിയിൽ വീഴുകയും ഒട്ടും സ്വാശ്രയത്വമില്ലാത്ത സമൂഹമായി മാറുകയും സാമൂഹ്യമായ സുരക്ഷ ഇല്ലാത്ത ഒരു പ്രദേശമായിത്തീരുകയും ചെയ്തിരിക്കുന്നു എന്നതാണ്. ഈ നിലക്ക് കേരളത്തെ ഒരുപടി മുന്നോട്ടു കൊണ്ടുപോകാൻ കെൽപ്പില്ലാത്ത മുന്നണി സംവിധാനത്തെക്കുറിച്ച് പുനഃപരിശോധിക്കേണ്ട ഘട്ടം കൂടിയാണ് ഈ തെരഞ്ഞെടുപ്പ്. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു മൂന്നു കാര്യങ്ങൾ പറയാം. ഒന്ന്, മാറി മാറി ഭരിക്കുന്ന മുന്നണി ഭരണത്തിൽ ഏറ്റവും പ്രധാനമായി നാം കാണേണ്ടത് ഈ രണ്ടുകൂട്ടരും



അതി ഭീകരമായി അഴിമതി ചെയ്യുന്ന വിഭാഗങ്ങളാണ് എന്നുള്ളതാണ്. പിണറായി വിജയന്റെ ഓഫീസ് മാത്രമല്ല ഉമ്മൻചാണ്ടി ഭരിക്കുമ്പോൾ അദ്ദേഹത്തിന്റെ ഓഫീസും ഇതുപോലുള്ള വൻ അഴിമതിയുടെ കേന്ദ്രം തന്നെയായിരുന്നു. അഴിമതിക്കാരായ മനുഷ്യരുടെ താവളമായി മുഖ്യമന്ത്രിയുടെ ഓഫീസുകൾ മാറിയിരിക്കുന്നു എന്നതാണ് ഞെട്ടിപ്പിക്കുന്ന കാര്യം. അഴിമിതി നമ്മുടെ ഭരണത്തിന്റെ അകത്തളത്തിലെത്തിയിരിക്കുന്നു. വ്യക്തികൾ ചെയ്യുന്ന അധാർമ്മികമായ നടപടി എന്നതിനപ്പുറം നമ്മുടെ സംവിധാനം തന്നെ അഴിമതിയെ പ്രോത്സാഹിപ്പിക്കുകയും അതിന് കൂട്ടുനിൽക്കുകയും ചെയ്യുന്ന ഒന്നായിത്തീർന്നിരിക്കുന്നു. ഇവിടെയാണ് ഒരു പുനഃപരിശോധന നാം നടത്തേണ്ടത്.

രണ്ടാമത്തെ പ്രധാന സംഗതി കേരളത്തിൽ നിയമവാഴ്ച്ച ഏതാണ്ട് പൂർണ്ണമായിട്ടും അസ്തമിച്ചു എന്നതാണ്. നിയമം ബാധകമല്ലാത്ത വർഗ്ഗമായി കേരളത്തിലെ രാഷ്ട്രീയ നേതൃത്വം മാറിയിട്ടുണ്ട്. എല്ലാ നിയമങ്ങളെയും വെല്ലുവിളിക്കുകയും ലംഘിക്കുകയും ചെയ്യുന്ന ഒരു വിഭാഗമാണവർ. രാഷ്ട്രീയ നേതാക്കൾ എന്നാൽ നിയമം അനുസരിക്കാത്തവർ/നിയമം ബാധകമല്ലാത്തവർ എന്ന് തെറ്റിദ്ധരിക്കുന്ന ഒരു സമൂഹമായി മലയാളി സമൂഹം മാറിയിട്ടുണ്ട്. പാലത്തായി കേസ് പോലെ നിരവധി സ്ത്രീപീഡനക്കേസുകൾ കേരളത്തിലുണ്ട്. വാളയാർ കേസ് ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാവുന്ന കാര്യമാണല്ലോ. ഈ വിഷയങ്ങളിലൊന്നും തന്നെ നീതി കണ്ടെത്താനുള്ള ഒരു നിർബന്ധബുദ്ധി നമ്മുടെ ഭരണാധികാരികൾക്കില്ല. ഈ നിലയ്ക്ക് നിയമവാഴ്ച്ച ഉറപ്പുവരുത്തുക എന്ന ജനാധിപത്യ ഭരണക്രമത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതിയിൽ നിന്നും മുന്നണികൾ മാറിനിൽക്കുന്നു.

മൂന്നാമത്തെ കാര്യം, രാഷ്ട്രീയമായ അധാർമ്മികതയാണ്. അധികാരത്തിനുവേണ്ടി ആരെ

വേണമെങ്കിലും കൂട്ടുപിടിക്കാമെന്ന് വിചാരിക്കുന്ന രാഷ്ട്രീയമായ അധാർമ്മികത കേരളത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി പ്രവർത്തിക്കുന്നു. ഇപ്പോൾ കെ.എം. മാണിയുടെ കേരളാ കോൺഗ്രസ് എൽ.ഡി.എഫിലേക്ക് വരുന്നു. അതിനുമുമ്പ് കേരളാ കോൺഗ്രസാണ് ലോകത്തിലെ ഏറ്റവും വലിയ അഴിമതി പാർട്ടി എന്ന് പറഞ്ഞുനടന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇപ്പോൾ കെ.എം മാണിയുടെ പോസ്റ്ററുകൾ ഒട്ടിക്കുന്ന തിരക്കിലാണ്. ആരെയാണ് ഇവർ വഞ്ചിക്കുന്നത്? വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ധാർമ്മികമല്ലാതെ നമ്മുടെ രാഷ്ട്രീയ മണ്ഡലം അധഃപ്പതിച്ചിരിക്കുന്നു എന്നതാണ് നമ്മൾ മനസ്സിലാക്കേണ്ടത്.

ഒന്ന്, അഴിമതിയിൽ മുങ്ങിനിൽക്കുന്ന ഒരു സംവിധാനം. രണ്ട്, നിയമവാഴ്ച്ച ഇല്ലാത്ത ഒരു സ്ഥലം. മൂന്ന്, സാമൂഹ്യസുരക്ഷ ഉറപ്പില്ലാത്ത സ്ഥിതി. നാല്, അധാർമ്മികമായ രാഷ്ട്രീയ ജീവിതം. ഇത് അവസാനിപ്പിക്കുക എന്നത് മലയാളിക്ക് മുന്നോട്ടുപോകാനുള്ള ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. ഇവിടെയാണ് ദീർഘകാലമായി സാമൂഹ്യരംഗത്ത് നിൽക്കുന്ന പല സംഘടനകൾ യോജിച്ചുക്കൊണ്ട് പുതിയൊരു ജനകീയ ജനാധിപത്യ മുന്നണി പ്രഖ്യാപിക്കുകയും തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുകയും ചെയ്യുമെന്ന തീരുമാനത്തിലേക്ക് വരുന്നത്. ഇത് തീർച്ചയായും കേവലം ഒരു സ്ഥാനാർത്ഥിയെ നിർത്തി ജയിപ്പിക്കുക എന്നതിനപ്പുറം നമ്മുടെ രാഷ്ട്രീയ മണ്ഡലത്തെ നവീകരിക്കേണ്ടതിന്റെ പ്രശ്നമാണ്.

ഈ രാഷ്ട്രീയ പാർട്ടികൾ പ്രധാനപ്പെട്ട സംഗതികൾക്കെല്ലാം ഒരുമിച്ചുനിൽക്കുന്നു എന്നതാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. ഉദാഹരണത്തിന് സാമ്പത്തിക സംവരണം നടപ്പിലാക്കുക എന്നതിൽ മാർക്സിസ്റ്റ് പാർട്ടിക്കും കോൺഗ്രസ്സിനും ബി.ജെ.പിക്കും അഭിപ്രായ വ്യത്യാസം ഇല്ല. എന്നുപറഞ്ഞാൽ ഇവർ മൂന്നുകൂട്ടരെയും ഭരണഘടനാ തത്വങ്ങൾ ബാധിക്കുന്നില്ല എന്നു തന്നെയാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഇത് കേവലം 10 പേർക്ക് ജോലിക്കൊടുക്കുന്ന കാര്യമല്ല. മറിച്ച്, ശ്രേണീകൃതമായ അസമത്വം നിലനിൽക്കുന്ന ഇന്ത്യൻ സമൂഹത്തിനകത്ത് നീതി വിതരണം ചെയ്യുവാൻ, എല്ലാവർക്കും നീതി ഉറപ്പുവരുത്തുവാൻ ഉണ്ടാക്കപ്പെട്ട ഒരു ഭരണഘടന സംവിധാനമാണ് സംവരണം എന്ന് മനസ്സിലാക്കണം. ആ തത്വത്തെ അവർ അംഗീകരിക്കുന്നില്ല. ഭരണഘടനയെ അംഗീകരിക്കുന്നില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇക്കാര്യത്തിൽ അവർ ഒരുമിച്ചുനിൽക്കുകയാണ്.

കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയൊരു ജനാധിപത്യ മുന്നേറ്റം അനിവാര്യമായിരിക്കുന്നു. നമ്മുടെ ജനാധിപത്യ സ്ഥാപനങ്ങൾ ഒട്ടും ജനാധിപത്യപരമല്ലാതെ പ്രവർത്തിക്കുന്നു എന്നതാണ് അതിന് കാരണം. ജില്ലാ പഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും ഗ്രാമപഞ്ചായത്തിലുമൊക്കെ നിരന്തരം അധികാരികൾ മാറുന്നതായാണ് നമ്മൾ കാണുന്നത്. 6 മാസം വീതം പ്രസിഡന്റുമാരും അദ്ധ്യക്ഷന്മാരും മാറുന്നു. പൊതുജനങ്ങൾക്കിടയിൽ ഇവർ പ്രചരിപ്പിക്കുന്നത് തങ്ങളുടെ പാർട്ടിയുടെ ഒരു ബലപരീക്ഷണമാണ് ഇത് എന്നർത്ഥത്തിലാണ്. യഥാർത്ഥത്തിൽ ഇവർ മാറി മാറി ഭരിക്കുന്നതിന് ഒരു ഉദ്ദേശമേയുള്ളൂ. തലപ്പത്തിരിക്കുന്നവർ വലിയ അഴിമതിക്ക് സാധ്യതയുള്ളവരാണ്. അഴിമതി അവർ ചെയ്യുന്നുമുണ്ട്. അടുത്ത ആറു മാസം എനിക്കുകൂടി അവസരം തരണമെന്ന് മാത്രമെ ഇതിന് അർത്ഥമുള്ളൂ. എന്നുപറഞ്ഞാൽ നമ്മുടെ പൊതുവിഭവം കൊള്ളയടിക്കുന്ന കൊള്ളസംഘമായി ഈ രാഷ്ട്രീയ നേതൃത്വം മാറിയിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെയാണ് പുതിയൊരു രാഷ്ട്രീയ ആലോചനങ്ങൾ മുന്നോട്ടുവെക്കുന്നത്. നമ്മുടെ സമര പ്രവർത്തനങ്ങൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കുമപ്പുറം രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കേണ്ട ഒരനിവാര്യ സന്ദർഭമാണിപ്പോഴുള്ളത്. അതു തിരിച്ചറിഞ്ഞുക്കൊണ്ടാണ് ജനകീയ ജനാധിപത്യ മുന്നണി പ്രഖ്യാപിച്ച് തെരെഞ്ഞെടുപ്പിൽ നേരിട്ടിടപ്പെടാൻ തീരുമാനിച്ചത്. ഇപ്പോൾ ഒരു കാര്യം കൂടി പ്രസക്തമാണെന്നു തോന്നുന്നു. ഡൽഹിയിൽ നടക്കുന്ന കർഷക സമരമാണത്. കർഷകരുടെ നട്ടെല്ലൊടി

സാമ്പത്തിക സംവരണം നടപ്പിലാക്കുക എന്നതിൽ മാർക്സിസ്റ്റ് പാർട്ടിക്കും കോൺഗ്രസ്സിനും ബി.ജെ.പിക്കും അഭിപ്രായ വ്യത്യാസം ഇല്ല. എന്നുപറഞ്ഞാൽ ഇവർ മൂന്നുകൂട്ടരെയും ഭരണഘടനാ തത്വങ്ങൾ ബാധിക്കുന്നില്ല എന്നു തന്നെയാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഇത് കേവലം 10 പേർക്ക് ജോലിക്കൊടുക്കുന്ന കാര്യമല്ല. മറിച്ച്, ശ്രേണീകൃതമായ അസമത്വം നിലനിൽക്കുന്ന ഇന്ത്യൻ സമൂഹത്തിനകത്ത് നീതി വിതരണം ചെയ്യുവാൻ, എല്ലാവർക്കും നീതി ഉറപ്പുവരുത്തുവാൻ ഉണ്ടാക്കപ്പെട്ട ഒരു ഭരണഘടന സംവിധാനമാണ് സംവരണം എന്ന് മനസ്സിലാക്കണം.

*➪ ആ നിലയ്ക്ക് കേരളത്തിൽ കഴിഞ്ഞ 50 വർഷമായി വേറെ ഒരു ഓപ്ഷൻ മലയാളി വോട്ടർമാർക്കില്ല ➪*

ക്കുംവിധമുള്ള മൂന്നു നിയമങ്ങളാണ് മോദി സർക്കാർ പാസ്സാക്കിയത്. അവ പിൻവലിക്കണമെന്നാവശ്യപ്പെട്ടുക്കൊണ്ട് ലക്ഷക്കണക്കിന് കർഷകരാണ് ഡൽഹിയുടെ പ്രധാന പ്രവേശന കവാടങ്ങളിൽ തമ്പടിച്ചിരിക്കുന്നത്. ആദ്യം സമരത്തെ പുച്ഛത്തോടെയാണ് സമീപിച്ചിരുന്നതെങ്കിലും സമരക്കാരുടെ ഉറച്ച ആത്മവിശ്വാസത്തിനു മുമ്പിൽ ബി.ജെ.പി സർക്കാർ നിശ്ശബ്ദരാണിപ്പോൾ. ഈ കർഷക സമരത്തിന് വളരെയേറെ രാഷ്ട്രീയ പ്രാധാന്യമുണ്ട്. ലക്ഷക്കണക്കിനു പേർ അവിടെ വന്നു എന്നുള്ളതുക്കൊണ്ടല്ല. ഇന്ത്യ ഭരിക്കുന്ന ബി.ജെ.പി സർക്കാരിനെതിരെ യുദ്ധം പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു എന്നതാണത്. അതോടൊപ്പം തന്നെ ഇന്ത്യയിലെ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ്സിനോട് സമരത്തിന്റെ പരിസരത്തു വന്നു പോകരുത് എന്നു കൂടി കർഷകർ താക്കീതു നൽകിയിരിക്കുന്നു. ഇന്ത്യയിലെ ഔദ്യോഗിക ഭരണ-പ്രതിപക്ഷ കക്ഷികളെ പുറത്തു നിർത്തിക്കൊണ്ട് ജനങ്ങളുടെ നേതൃത്വത്തിൽ വലിയൊരു മുന്നേറ്റം ഇന്ത്യയിൽ സംഭവിച്ചുക്കൊണ്ടിരിക്കുകയാണ് എന്നതാണ് ഈ സമരത്തിൽ നിന്നും നമ്മൾ പഠിക്കേണ്ട രാഷ്ട്രീയ പാഠം.

ആ നിലയ്ക്ക് കേരളത്തിൽ കഴിഞ്ഞ 50 വർഷമായി വേറെ ഒരു ഓപ്ഷൻ മലയാളി വോട്ടർമാർക്കില്ല. ഒന്നുങ്കിൽ എൽ.ഡി.എഫിന് വോട്ടു ചെയ്യുക അല്ലെങ്കിൽ യു.ഡി.എഫിന് വോട്ടു ചെയ്യുക. മറ്റു മാർഗ്ഗങ്ങളില്ല. ഈ സ്പേസിലേക്കാണ് ഞങ്ങൾ രക്ഷിക്കാമെന്ന വാഗ്ദാനവുമായി എൻ.ഡി.എ/ബി.ജെ.പി കടന്നുവരുന്നത്. അത് വലിയ ചതിക്കുഴിയാണ്. ഡൽഹിയിലേക്ക് നോക്കിയാൽ നമുക്കത് മനസ്സിലാകും. എന്താണ് ബി.ജെ.പി ഇന്ത്യയിൽ ചെയ്തുക്കൊണ്ടിരിക്കുന്നത്? കഴിഞ്ഞ 50 വർഷമായി കേരളത്തിലെ മുന്നണി ഭരണം കേരളത്തിൽ എന്താണ് ചെയ്തത്? അതു തന്നെയാണ് അഖിലേന്ത്യാടിസ്ഥാനത്തിൽ എൻ.ഡി.എയും ചെയ്യുന്നതെന്ന് മനസ്സിലാക്കണം. ഈ മുന്നണികൾക്കൊന്നും യഥാർത്ഥത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനോ അതിന് പരിഹാരം കാണാനോ താത്പ്പര്യമില്ല. വൻകിട കോർപ്പറേറ്റുകളാൽ, അവരുടെ സംഭാവനകളാൽ നയിക്കപ്പെടുന്ന ഈ രാഷ്ട്രീയ കക്ഷികൾക്കു പുറത്തു ജനാധിപത്യമൂല്യത്തെയും സാമൂഹ്യനീതിയെയും ലിംഗനീതിയെയും പാരിസ്ഥിതിക നീതിയെയും ഉറപ്പുനൽകുന്ന പുതിയൊരു മുന്നേറ്റം നമുക്ക് അനിവാര്യമാണ്. പാരിസ്ഥിതിക നീതി എന്നത് ഒരു ഫാന്റസിയല്ല. ഇനി മലയാളിക്ക് ഇവിടെ ജീവിക്കണമെങ്കിൽ നമ്മുടെ പ്രകൃതി സംരക്ഷിക്കപ്പെട്ടേ മതിയാകൂ. അല്ലെങ്കിൽ എല്ലാവരും കൂട്ടത്തോടെ ചത്തൊടുങ്ങുന്ന ഒരവസ്ഥയിലേക്കാണ് കേരളത്തിന്റെ പരിസ്ഥിതി നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇതൊന്നും നമ്മുടെ പ്രബല രാഷ്ട്രീയ കക്ഷികളുടെ അജണ്ടയിലില്ല. ഇതൊരു പ്രബലരാഷ്ട്രീയ അജണ്ടയായി മാറുന്ന പുതിയൊരു ജനാധിപത്യ മുന്നേറ്റമാണ് കേരളത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടത്. ഈ തെരെഞ്ഞെടുപ്പ് ഘട്ടത്തിൽ വോട്ടർമാർ ഒരു പുനപ്പരിശോധന നടത്തുകയാണ് വേണ്ടത്. എന്തിനാണ് ഈ മുന്നണികളെ ഭരിക്കാൻ അനുവദിക്കുന്നത്? കഴിഞ്ഞ തവണ ഒരുമിച്ചു വോട്ടുപ്പിടിക്കാൻ വന്നവർ ഇപ്രാവശ്യം രണ്ട് വിഭാഗമാണെന്ന് പറയുന്നു. അതും വിശ്വസിച്ചു അവർക്കു തന്നെ വോട്ടുചെയ്യേണ്ടിവരുന്ന ഗതികേടിലാണ് മലയാളികൾ. മാത്രവുമല്ല നമ്മുടെ ഈ ഭരണത്തിന്റെയും ഭരണ നടത്തിപ്പിന്റെയും ആന്തരികമായ ഒരു ക്യാൻസറായി അഴിമതി മാറിയിട്ടുണ്ട്. അഴിമതിരഹിതമായ ഒരു ഭരണം വളരെ പ്രധാനമാണ്. അഴിമതിരഹിതമായ ഭരണമെന്നാൽ അഴിമതിക്കാരല്ലാത്ത കുറേ ആൾക്കാർ എന്നല്ല അർത്ഥം. നമ്മുടെ ഭരണ സംവിധാനത്തെ പരിഷ്കരിക്കാൻ കഴിയുന്ന ജനാധിപത്യപരമായ ഒരു ഇടപ്പെടൽ നടത്തുക എന്നാണ് ഉദ്ദേശിക്കുന്നത്. ഇതിന് ശക്തി പകരുന്ന തരത്തിലുള്ള ഒരു ജനാധിപത്യ പ്രസ്ഥാനം ഈ മുന്നണികൾക്ക് പുറത്ത് രൂപപ്പെടേണ്ടതുണ്ട്. ഈ ജീർണ്ണ രാഷ്ട്രീയത്തെ അടിയന്തിരമായി അവസാനിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ മലയാളി സമൂഹം വളരെ ഗുരുതരമായ പ്രതിസന്ധിയിലേക്കാവും പോകുക എന്ന കാര്യത്തിൽ തർക്കമില്ല.■


## കേരളീയം ഡിജിറ്റൽ ആർക്കൈവ്

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം ഡൗൺലോഡ് ചെയ്യുന്നതിനും കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന ഈ ഡിജിറ്റൽ ആർക്കൈവ് സൗകര്യമൊരുക്കുന്നു. സന്ദർശിക്കുക:

www.keraleeyammasika.com

